"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം. ഇ8/6681/16/സിഇ/തസ്വഭവ

തീയതി : 23.09.2017

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

പ്രൻസിപ്പൽ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - പുതുതായി സൃഷ്ടിക്കപ്പെട്ട 146 തസ്തികകളുടെ അധിക സാമ്പത്തിക ബാധ്യത-ശമ്പള ശീർഷകത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന:-
1. സർക്കാർ ഉത്തരവ്(കൈ) നം:132/2017/തസ്വഭവ തീയതി 07.07.2017
2. സർക്കാർ ഉത്തരവ്(കൈ) നം:181/2017/തസ്വഭവ തീയതി 14.09.2017
3. തസ്വഭവ ചീഫ് എഞ്ചിനീയറുടെ കത്ത് നം:ഡിബി 1/1044/15/സിഇ/എൽഎസ്ജിഡി തീയതി 13.07.2017

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വകുപ്പിലേയ്ക്ക് വിവിധ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 146 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി രണ്ടു ഘട്ടങ്ങളിലായി, സൂചന (1), (2) പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതാണ്. മേൽ പരാമർശിത പുതിയ തസ്തികകളുടെ അധിക സാമ്പത്തിക ബാധ്യത നിർദ്ദിഷ്ട മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ അവയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച ചില വസ്തുതകൾ അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

01.01.2008-ൽ, രൂപീകൃതമായ ഈ വകുപ്പിൽ, നിലവിൽ എല്ലാ തസ്തികകളിലും പി.എസ്.സി മുഖേനയാണ് നിയമനം നടത്തി വരുന്നത്. ഈ വിഭാഗത്തിൽ വരുന്ന മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും സ്പാർക്ക് മുഖേന ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 2515-00-001-90-01 Salaries (Mun/Corp) എന്ന ശീർഷകത്തിൽ നിന്നുമാണ് നൽകിവരുന്നത്. പുതുതായി സൃഷ്ടിച്ച തസ്തികകളിൽ കേരള പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി തസ്തികകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്കും, ഈ വകുപ്പിൽ നിലവിലുള്ള ശമ്പളവിതരണ രീതി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. നിർദ്ദിഷ്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ എന്നിവയുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ടി ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക കുറവ് ചെയ്ത് 2515-00-001-90-01 Salaries (Mun/Corp) എന്ന ശീർഷകത്തിലേയ്ക്ക് പൂൾ ചെയ്ത്, ടി ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും സ്പാർക്ക് മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു. ടി തസ്തികകളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാരുടെ ശമ്പളവിതരണം സ്പാർക്ക് മുഖേന നടത്തുന്നതിനായി, പ്രസ്തുത മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളിലെ നിയന്ത്രണാധികാരികൾക്ക്, ഡിഡിഒ-യുടെ ചുമതല നൽകുന്നതിനുമുള്ള അനുമതിയ്ക്കായും സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എൻജിനീയർ

പകർപ്പ് സമർപ്പണം:

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്
തിരുവനന്തപുരം.

S1572